**മധുരമായ കുട്ടികളേ - ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്, ഈ നാടകത്തിൽ നിന്ന് ഒരു ആത്മാവിനുപോലും രക്ഷപ്പെടാൻ സാധിക്കില്ല, മോക്ഷം ആർക്കും ലഭിക്കില്ല.**

**ചോദ്യം:-** ഉയർന്നതിലും ഉയർന്ന പതിത പാവനനായ അച്ഛൻ എങ്ങനെയാണ് നിഷ്കളങ്കനായ നാഥനാകുന്നത്?

**ഉത്തരം:-** നിങ്ങൾ കുട്ടികൾ ബാബയ്ക്ക് ഒരു പിടി അവിൽ നൽകി പകരം കൊട്ടാരം നേടുന്നു, അതിനാലാണ് ബാബയെ നിഷ്കളങ്കനായ നാഥൻ എന്നു പറയുന്നത്. നിങ്ങൾ പറയുന്നു ശിവബാബ ഞങ്ങളുടെ മകനാണ്, ആ മകൻ ഇങ്ങനെയാണ് ഒരിയ്ക്കലും ഒന്നും സ്വീകരിക്കുന്നില്ല, സദാ നൽകുന്നു. ഭക്തിയിൽ പറയുന്നു ആര് എങ്ങനെയുള്ള കർമ്മം ചെയ്യുന്നുവോ അങ്ങനെയുള്ള ഫലം പ്രാപ്തമാക്കും. പക്ഷേ ഭക്തിയിൽ അല്പകാലത്തിലേയ്ക്കാണ് ലഭിക്കുന്നത്. ജ്ഞാനത്തിൽ അറിഞ്ഞാണ് ചെയ്യുന്നത് അതുകൊണ്ട് സദാകാലത്തിലേയ്ക്ക് ലഭിക്കുന്നു

**ഓം ശാന്തി**. ആത്മീയ കുട്ടികളുമായി ആത്മീയ അച്ഛൻ ആത്മീയ സംഭാഷണം നടത്തിക്കൊണ്ടിരിക്കുകയാണ് അല്ലെങ്കിൽ ഇങ്ങനെ പറയാം ആത്മീയ അച്ഛൻ കുട്ടികളെ രാജയോഗം പഠിപ്പിക്കുകയാണ്. നിങ്ങൾ കുട്ടികൾ വന്നിരിക്കുന്നത് പരിധിയില്ലാത്ത അച്ഛനിൽ നിന്നും രാജയോഗം പഠിക്കുന്നതിനായാണ് അതിനാൽ ബുദ്ധി അച്ഛനുനേരേ പോകണം. ഇത് ആത്മാക്കൾക്കുള്ള പരമാത്മാ ജ്ഞാനമാണ്. ഭഗവാന്റെ വാക്കുകളാണ് സാലിഗ്രാമങ്ങളെപ്രതി. ആത്മാക്കൾക്കാണ് കേൾക്കേണ്ടത് അതിനാൽ ആത്മാഭിമാനിയായി മാറണം. മുമ്പ് നിങ്ങൾ ദേഹാഭിമാനത്തിലായിരുന്നു. ഈ പുരുഷോത്തമ സംഗമയുഗത്തിലാണ് അച്ഛൻ വന്ന് നിങ്ങൾ കുട്ടികളെ ആത്മാഭിമാനിയാക്കി മാറ്റുന്നത്. ആത്മാഭിമാനിയും ദേഹാഭിമാനിയും തമ്മിലുള്ള വ്യത്യാസം നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ആത്മാവുതന്നെയാണ് ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുന്നത് എന്ന് അച്ഛനാണ് മനസ്സിലാക്കിത്തന്നത്. പഠിക്കുന്നതും ആത്മാവാണ്, ശരീരമല്ല. പക്ഷേ ദേഹാഭിമാനമുള്ളതുകാരണം ഇന്നയാളാണ് പഠിക്കുന്നത് എന്ന് കരുതുന്നു. നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നത് നിരാകാരനാണ്. അവരുടെ പേര് ശിവൻ എന്നാണ്. ശിവബാബയ്ക്ക് തന്റേതായി ശരീരമില്ല. ബാക്കി എല്ലാവരും പറയും എന്റെ ശരീരമെന്ന്. ഇത് ആരാണ് പറഞ്ഞത്? ആത്മാവാണ് പറഞ്ഞത്- ഇത് എന്റെ ശരീരമാണ്. ബാക്കിയുള്ളതെല്ലാം ഭൗതീകമായ പഠിപ്പാണ്. അതിൽ അനേക പ്രകാരത്തിലുള്ള വിഷയങ്ങളുണ്ടാകും. ബി. എ മുതലായ എന്തെല്ലാം പേരുകളാണുള്ളത്. ഇതിൽ ഒരു പേരേയുള്ളൂ, പഠിപ്പിക്കുന്നതും ഒരേഒരാളാണ്. ഒരേഒരു അച്ഛനാണ് വന്ന് പഠിപ്പിക്കുന്നത്, അതിനാൽ അച്ഛനെത്തന്നെ ഓർമ്മിക്കണം. നമ്മളെ പരിധിയില്ലാത്ത അച്ഛൻ പഠിപ്പിക്കുകയാണ്, എന്താണ് അച്ഛന്റെ പേര്? അച്ഛന്റെ പേര് ശിവൻ എന്നാണ്. നാമ രൂപങ്ങളിൽ നിന്ന് വേറിട്ടതാണ് എന്നല്ല. മനുഷ്യർക്ക് പേര് വെയ്ക്കുമ്പോൾ അത് ശരീരത്തിനാണ് വെയ്ക്കുന്നത്. പറയുന്നു ഇത്  ഇന്ന ആളുടെ ശരീരമാണ്. അതുപോലെ ശിവബാബയ്ക്ക് പേരില്ല. മനുഷ്യരുടെ പേര് ശരീരത്തിനാണ്, ഒരേ ഒരു നിരാകാരനായ അച്ഛനേയുള്ളൂ അവരുടെ പേര് ശിവൻ എന്നാണ്. പഠിപ്പിക്കാൻ വരുമ്പോഴും പേര് ശിവൻ എന്നു തന്നെയാണ്. ഈ ശരീരം ബാബയുടേതല്ല. ഭഗവാൻ ഒന്നേയുള്ളൂ. 10-12 ഉണ്ടാകില്ല. ബാബ ഒന്നേയുള്ളൂ പക്ഷേ മനുഷ്യർ ഭഗവാന് 24 അവതാരങ്ങളുണ്ടെന്നു പറയുന്നു. ബാബ പറയുന്നു എന്നെ വളരെയധികം വളച്ച് ഒടിച്ചു. പരമാത്മാവ് കല്ലിലും മുള്ളിലും ഉണ്ടെന്നു പറഞ്ഞു. ഭക്തിമാർഗ്ഗത്തിൽ എങ്ങനെ സ്വയം അലഞ്ഞുതിരിയുന്നോ അതുപോലെ എന്നെയും അലയിക്കുന്നു. ഡ്രാമ അനുസരിച്ച് ബാബ സംസാരിക്കുന്നത് എത്ര ശീതളമായാണ്. മനസ്സിലാക്കുന്നു എന്റെമേൽ എത്ര അപകാരം ചെയ്തു, എന്റെ ഗ്ലാനി എത്ര ചെയ്തു. മനുഷ്യർ പറയുന്നു ഞങ്ങൾ നിഷ്കാമ സേവനം ചെയ്യുകയാണെന്ന്, അച്ഛൻ പറയുന്നു എനിക്കല്ലാതെ മറ്റാർക്കും നിഷ്കാമ സേവനം ചെയ്യാൻ സാധിക്കില്ല. അര് ചെയ്യുന്നോ അവർക്ക് തീർച്ചയായും ഫലം ലഭിക്കും. ഇപ്പോൾ നിങ്ങൾക്ക് ഫലം ലഭിക്കുകയാണ്. ഭക്തിയുടെ ഫലം ഭഗവാൻ നൽകും എന്ന് മഹിമ പാടുന്നു കാരണം ഭഗവാൻ ജ്ഞാനസാഗരനാണ്. ഭക്തിയിൽ അരകല്പം നിങ്ങൾ കർമ്മങ്ങൾ ചെയ്തുവന്നു. ഇപ്പോൾ ഈ ജ്ഞാനം പഠിപ്പാണ്. പഠിപ്പ് ലഭിക്കുന്നത് ഒരു തവണ മാത്രമാണ് ഒരേ ഒരു ബാബയിൽ നിന്നാണ് ലഭിക്കുന്നത്. അച്ഛൻ പുരുഷോത്തമ സംഗമയുഗത്തിൽ ഒരേ ഒരു തവണ വന്ന് നിങ്ങളെ പുരുഷോത്തമനാക്കി മാറ്റി തിരിച്ചുപോകുന്നു. ഇതാണ് ജ്ഞാനം അത് ഭക്തിയാണ്. അര കല്പം നിങ്ങൾ ഭക്തി ചെയ്തിരുന്നു, ഇപ്പോൾ ആരാണോ ഭക്തി ചെയ്യാത്തത് അവർക്ക് ഭക്തി ചെയ്യാത്തതിനാൽ ഇന്നയാൾ മരിച്ചുപോയി, അസുഖം ബാധിച്ചു എന്നെല്ലാം തെറ്റിദ്ധാരണയുണ്ടാകുന്നു. പക്ഷേ ഇങ്ങനെയല്ല.

ബാബ പറയുന്നു- കുട്ടികളേ, നിങ്ങൾ വിളിച്ചുകൊണ്ടിരുന്നു അതായത് അങ്ങ് വന്ന് പതിതരെ പാവന മാക്കി മാറ്റി എല്ലാവരുടേയും സദ്ഗതി ചെയ്യൂ. അതിനാൽ ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ്. ഭക്തിവേ റെയാണ്, ജ്ഞാനം വേറെയാണ്. ഭക്തിയാൽ അരകല്പം രാത്രിയായിരുന്നു, ജ്ഞാനത്തിലൂടെ അരകല്പം പകലുണ്ടാകുന്നു. രാമരാജ്യം രാവണരാജ്യം രണ്ടും പരിധിയില്ലാത്തതാണ്. രണ്ടിന്റേയും സമയം തുല്യ മാണ്. ഈ സമയത്ത് ഭോഗികളായതിനാൽ ലോകത്തിൽ വൃദ്ധിയുണ്ടാകുന്നു, ആയുസ്സും കുറയുന്നു. വൃദ്ധി കൂടുതലാവാതിരിക്കാൻ പിന്നീട് പദ്ധതികൾ തയ്യാറാക്കുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത്രയും വലിയ ലോകത്തെ പരിമിതപ്പെടുത്തുക എന്നത് അച്ഛന്റെ മാത്രം ജോലിയാണ്. അച്ഛൻ വരുന്നതും ജോലി ചെയ്യാനാണ്. വിളിക്കുന്നുണ്ട് ബാബാ വന്ന് അധർമ്മത്തിന്റെ വിനാശം ചെയ്യൂ അർത്ഥം സൃഷ്ടിയെ പരി മിതപ്പെടുത്തുക. ലോകത്തിന് അറിയില്ല അച്ഛൻ എത്രമാത്രം പരിമിതപ്പെടുത്തുന്നുവെന്ന് കുറച്ച് മനുഷ്യരേ ഉണ്ടാകൂ. ബാക്കിയുള്ള ആത്മാക്കളെല്ലാം തന്റെ വീട്ടിലേയ്ക്ക് പോകുന്നു പിന്നീട് നമ്പർ അനുസരിച്ച് പാർട്ട് അഭിനയിക്കാൻ വരും. നാടകത്തിൽ എത്രത്തോളം വൈകിയാണോ പാർട്ട് അഭിനയിക്കേണ്ടത് അത്രയും വൈകിയാണ് വീട്ടിൽ നിന്ന് വരുന്നത്. തന്റെ ജോലികൾ എല്ലാം തീർത്തിട്ട് വരുന്നു. നാടക ത്തിൽ അഭിനയിക്കുന്നവരും തന്റേതായി ജോലി ചെയ്യും, പിന്നീട് സമയത്തിന് നാടകത്തിൽ പാർട്ട് അഭി നയിക്കാൻ വരും. നിങ്ങളുടേതും ഇതുപോലെത്തന്നെയാണ്, അവസാന സമയത്ത് ആർക്കാണോ പാർട്ടു ള്ളത് അവർ അവസാനമാണ് വരുന്നത്. ആദ്യമാദ്യം പാർട്ടുള്ളത് ആർക്കാണോ അവർ സത്യയുഗത്തിന്റെ ആരംഭത്തിൽ വരും. നോക്കൂ അവസാന സമയത്ത് വരേണ്ടവർ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. കൊമ്പും ചില്ലയും അവസാനം വരെ വന്നുകൊണ്ടിരിക്കും.

ഈ സമയത്ത് നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു പിന്നീട് അതിരാ വിലെ ഓർമ്മയിൽ ഇരിക്കുന്നു, അതാണ് ഡ്രിൽ. ആത്മാവിന് തന്റെ അച്ഛനെ ഓർമ്മിക്കണം. യോഗം എന്ന വാക്കിനെ ഉപേക്ഷിക്കൂ. ഇതിലാണ് ക്ഷീണിക്കുന്നത്. എനിക്ക് യോഗം ചെയ്യാൻ കഴിയുന്നില്ല എന്നു പറയുന്നു. ബാബ പറയുന്നു- എന്താ, അച്ഛനെ നിങ്ങൾക്ക് ഓർമ്മിക്കാൻ കഴിയില്ലേ! എന്താ ഇത് നല്ലകാ ര്യമാണോ! ഓർമ്മിച്ചില്ലെങ്കിൽ എങ്ങനെ പാവനമായി മാറും? ബാബ പതിതപാവനനാണ്. ബാബ വന്ന് ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുന്നു. ഇത് വ്യത്യസ്തങ്ങളായ ധർമ്മങ്ങ ളുടെ വ്യത്യസ്തമായ വൃക്ഷമാണ്. മുഴുവൻ സൃഷ്ടിയിലും എത്ര മനുഷ്യരുണ്ടോ എല്ലാവരും പാർട്ടുധാ രികളാണ്. എത്രയധികം മനുഷ്യരാണ്, കണക്കെടുക്കുന്നു- ഒരു വർഷത്തിനുള്ളിൽ ഇത്ര കോടി ജനി ക്കും. അത്രത്തോളം സ്ഥലം എവിടെയുണ്ട്. അതിനാൽ ബാബ പറയുന്നു ഞാൻ വരുന്നത് എണ്ണത്തെ പരിമിതപ്പെടുത്താനാണ്. എപ്പോൾ എല്ലാ ആത്മാക്കളും മുകളിൽ നിന്നും വരുന്നുവോ അപ്പോൾ നമ്മുടെ വീട് കാലിയാകും. ആരാണോ ശേഷിക്കുന്നത് അവരും വരും. വൃക്ഷം ഒരിയ്ക്കലും ഉണങ്ങില്ല, നടന്നു കൊണ്ടേയിരിക്കും. അവസാന സമയത്ത് അവിടെ ആരുമുണ്ടാകില്ല, പിന്നീട് എല്ലാവരും പോകും. പുതിയ ലോകത്തിൽ വളരെ കുറച്ചുപേരായിരുന്നു, ഇപ്പോൾ എത്രയധികം ആളുകളാണ്. ശരീരം എല്ലാവരുടേയും മാറിക്കൊണ്ടിരിക്കും. കല്പ കല്പം ഏത് ജന്മമാണോ എടുത്തത് അതേ ജന്മമാണ് വീണ്ടും എടുക്കുക. ഈ വിശ്വ നാടകം എങ്ങനെയാണ് നടക്കുന്നത്, ഇത് അച്ഛനല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. കുട്ടികളും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് മനസ്സിലാക്കുന്നത്. പരിധിയില്ലാത്ത നാടകം എത്ര വലുതാണ്. എത്രത്തോളം മനസ്സിലാക്കേണ്ട കാര്യമാണ്. പരിധിയില്ലാത്ത അച്ഛൻ ജ്ഞാന സാഗരനാണ്. ബാക്കിയെല്ലാവരും പരിധിയുള്ളതാണ്. വേദങ്ങൾ ശാസ്ത്രങ്ങൾ എന്നിങ്ങനെ കുറച്ച് നിർമ്മി ക്കുന്നു, കൂടുതലായി ഒന്നും ഉണ്ടാകില്ല. നിങ്ങൾ എഴുതുകയാണെങ്കിൽ ആരംഭം മുതലുള്ളതുകൊണ്ട് എത്ര വലിയ ഗീതയായിട്ടുണ്ടാകും. എല്ലാം അച്ചടിക്കുകയാണെങ്കിൽ കെട്ടിടത്തേക്കാളും വലിയ ഗീത യാകും അതിനാലാണ് മഹിമ പാടുന്നത് സാഗരത്തെ മുഴുവൻ മഷിയാക്കിയാലും............. പിന്നീട് ഇങ്ങ നെയും പറയുന്നു പക്ഷികൾ സാഗരം കുടിച്ച് വറ്റിച്ചു. നിങ്ങൾ പക്ഷികളാണ്, മുഴുവൻ സാഗരത്തേയും കുടിക്കുകയാണ്. നിങ്ങൾ ഇപ്പോൾ ബ്രാഹ്മണരായിരിക്കുന്നു. നിങ്ങൾക്ക് ഇപ്പോൾ ജ്ഞാനം ലഭിച്ചിരിക്കു ന്നു. ജ്ഞാനത്തിലൂടെ നിങ്ങൾ എല്ലാം അറിയുന്നു. കല്പ കല്പം നിങ്ങൾ ഇവിടെ പഠിപ്പ് പഠിക്കുന്നു, അതിൽ നിന്ന് കുറയുകയോ കൂടുകയോ ചെയ്യില്ല. ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രത്തോളം പ്രാലബ്ധം ഉണ്ടാകുന്നു. ഓരോരുത്തർക്കും മനസ്സിലാക്കാൻ സാധിക്കും ഞാൻ എത്ര പുരുഷാർത്ഥം ചെയ്യുന്നുണ്ട്, പദവി നേടുന്നതിന് എത്രത്തോളം യോഗ്യനായി മാറുന്നുണ്ട്. സ്ക്കൂളിലും നമ്പർവൈസായാണ് പരീക്ഷ പാസാകുന്നത്. സൂര്യവംശി ചന്ദ്രവംശി രണ്ടും ആവുന്നുണ്ട്. ആരാണോ തോറ്റ് പോകുന്നത് അവർ ചന്ദ്രവംശിയാകുന്നു. രാമന്റെ കൈയ്യിൽ ബാണം നല്കിയത് എന്തിനാണ് എന്നത് ആർക്കും അറിയില്ല. യുദ്ധത്തിന്റെ ചരിത്രം ഉണ്ടാക്കിയിരിക്കുന്നു. നിങ്ങൾക്ക് അറിയാം അര് എങ്ങനെയുള്ള കർമ്മം ചെയ്യുന്നുവോ അങ്ങനെയുള്ള ഫലം ലഭിക്കും. ആരെങ്കിലും ആശുപത്രി നിർമ്മി ക്കുകയാണെങ്കിൽ അടുത്ത ജന്മത്തിൽ അവരുടെ ആയുസ്സും ആരോഗ്യവും കൂടുതലായിരിക്കും. ആരെ

ങ്കിലും ധർമ്മശാലയോ സ്ക്കൂളോ നിർമ്മിക്കുകയാണെങ്കിൽ അവർക്ക് അരകല്പത്തിലേയ്ക്ക് സുഖം ലഭിക്കുന്നു. കുട്ടികൾ ഇവിടേയ്ക്ക് വരുമ്പോൾ ബാബ ചോദിക്കുന്നു നിങ്ങൾക്ക് എത്ര മക്കളുണ്ട്? അപ്പോൾ പറയും ലൗകികത്തിൽ 3 പിന്നെ ശിവബാബ ഒന്ന് കാരണം ബാബ സമ്പത്ത് നൽകുന്നുമുണ്ട് എടുക്കുന്നു മുണ്ട്. കണക്കാണ്. ബാബയ്ക്ക് ഒന്നും എടുക്കേണ്ടതില്ല, ബാബ ദാതാവാണ്. ഒരു പിടി അവിൽ നൽകി നിങ്ങൾ കൊട്ടാരം നേടുന്നു, അതിനാൽ നിഷ്കളങ്കനായ നാഥനാണ്. പതിത പാവനനും ജ്ഞാനസാഗര വുമാണ്. ഇപ്പോൾ അച്ഛൻ പറയുന്നു ഈ ഭക്തിയിലെ ശാസ്ത്രങ്ങളുടെ സാരം മനസ്സിലാക്കിത്തരുകയാ ണ്. അരകല്പത്തിലേയ്ക്ക് ഭക്തിയുടെ ഫലമാണ്. സന്യാസി പറയുന്നു ഈ സുഖം കാക്ക കാഷ്ഠത്തിനു സമാനമാണ്, അതിനാലാണ് വീട് ഉപേക്ഷിച്ച് കാട്ടിലേയ്ക്ക് പോകുന്നത്. പറയുന്നു ഞങ്ങൾക്ക് സ്വർഗ്ഗ ത്തിലെ സുഖം ആവശ്യമില്ല, എന്തെന്നാൽ പിന്നീട് നരകത്തിലേയ്ക്ക് വരേണ്ടിവരും. ഞങ്ങൾക്ക് മോക്ഷ മാണ് വേണ്ടത്. പക്ഷേ ഇത് ഓർമ്മവെയ്ക്കു ഇത് പരിധിയില്ലാത്ത നാടകമാണ്. ഈ നാടകത്തിൽ നിന്നും ഒരു ആത്മാവിനുപോലും രക്ഷപ്പെടാൻ സാധിക്കില്ല, ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. അതുകൊ ണ്ടാണ് പാടുന്നത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും ഉണ്ടായിക്കൊണ്ടിരിക്കുന്നതും എന്ന്. പക്ഷേ ഭക്തി മാർഗ്ഗത്തിൽ ഒരുപാട് ചിന്തിക്കേണ്ടിവരുന്നു. എന്തെല്ലാം കഴിഞ്ഞുപോയോ അതെല്ലാം വീണ്ടും ഉണ്ടാ കും. 84 ന്റെ ചക്രം നിങ്ങൾ കറങ്ങുന്നു. ഇത് ഒരിയ്ക്കലും നിന്നുപോകില്ല, ഉണ്ടായതും, ഉണ്ടാക്കപ്പെട്ടതു മാണ്. അതിൽ നിങ്ങളുടെ പുരുഷാർത്ഥത്തെ മാത്രം എങ്ങനെ എടുത്തുമാറ്റാൻ സാധിക്കും? നിങ്ങൾ പറ യുന്നതുകൊണ്ട് ഇതിൽ നിന്നും നിങ്ങളെ പുറത്തെടുക്കാൻ കഴിയില്ല. മോക്ഷം പ്രാപ്തമാക്കുക, ജ്യോതി ജ്യോതിയിൽ ലയിക്കുക, ബ്രഹ്മത്തിൽ ലയിക്കുക- ഇതെല്ലാം ഒന്നുതന്നെയാണ്. അനേകം മതങ്ങളുണ്ട്, അനേകം ധർമ്മങ്ങളുണ്ട്. പിന്നീട് പറയുന്നു അങ്ങയുടെ ഗതിയും മതവും അങ്ങുമാത്രമേ അറിയുന്നു ള്ളൂ. അങ്ങയുടെ ശ്രീമതത്തിലൂടെ സദ്ഗതി ലഭിക്കുന്നു. അതും അങ്ങാണ് അറിയുന്നത്. എന്ന് അങ്ങു വരുന്നുവോ അന്ന് ഞങ്ങളും അറിയും ഞങ്ങളും പാവനമായി മാറും. പഠിപ്പ് പഠിച്ച് ഞങ്ങളുടെ സദ്ഗതി യുണ്ടാകും. സദ്ഗതി ഉണ്ടായാൽ പിന്നീട് ആരും വിളിക്കുന്നില്ല. ഈ സമയത്ത് എല്ലാവരുടേയും മേലെ ദുഃഖത്തിന്റെ പർവ്വതം വീഴാനുണ്ട്. സർപ്പവുമായുള്ള കളി കാണിക്കുന്നു അതുപോലെ ഗോവർദ്ധന പർവ്വതത്തേയും കാണിക്കുന്നു. വിരലുകൊണ്ട് പിടിച്ചുയർത്തി. നിങ്ങൾക്ക് ഇതിന്റെ അർത്ഥമറിയാം. നിങ്ങൾ കുറച്ച് കുട്ടികൾ ഈ ദുഃഖത്തിന്റെ പർവ്വതത്തെ അകറ്റുന്നു. ദുഃഖത്തേയും സഹിക്കുന്നു.

നിങ്ങൾ എല്ലാവർക്കും വശീകരണ മന്ത്രം നൽകണം. തുളസീദാസൻ ചന്ദനം അരച്ചു....... എന്ന് പറയുന്നു രാജധാനിയുടെ തിലകം നിങ്ങൾക്കാണ് ലഭിക്കുന്നത്. തന്റേതായ പരിശ്രമത്തിലൂടെ. നിങ്ങൾ രാജധാനി ക്കുവേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. രാജയോഗത്തിലൂടെയാണ് രാജധാനി ലഭിക്കുന്നത് ഇത് പഠിപ്പി ക്കുന്നത് ഒരേ ഒരു ബാബയാണ്. ഇപ്പോൾ നിങ്ങൾ വീട്ടിൽ ഇരിക്കുകയാണ്, ഇത് രാജ്യസദസ്സല്ല. മഹാരാജാ വും രാജാക്കന്മാരും കൂടിക്കാഴ്ച നടത്തുന്ന സ്ഥാനത്തെയാണ് രാജ്യസദസ്സ് എന്ന് പറയുന്നത്. ഇത് പാഠ ശാലയാണ്. മനസ്സിലാക്കിത്തരുകയാണ് ഒരു ബ്രാഹ്മിണിയ്ക്കും വികാരികളെ കൂട്ടിക്കൊണ്ടുവരാൻ സാധി ക്കില്ല. പതിതർ വായുമണ്ഢലത്തെ മോശമാക്കും, അതിനാലാണ് അനുവദിക്കാത്തത്. എപ്പോൾ പവിത്ര മാകുന്നുവോ അപ്പോൾ അനുവദിക്കും. ഇപ്പോൾ ചിലർക്ക് അനുവാദം നൽകേണ്ടി വരുന്നു. അഥവാ ഇവിടെ നിന്നും പോയിട്ട് പതിതമാവുകയാണെങ്കിൽ ധാരണയുണ്ടാകില്ല. ഇത് സ്വയം തന്നെത്താൻ ശപി ക്കുന്നതിന് തുല്യമാണ്. വികാരം രാവണന്റെ മതമാണ്. രാമന്റെ മതത്തെ ഉപേക്ഷിച്ച് രാവണന്റെ മതത്തി ലൂടെ വികാരിയായി മാറി കല്ലായിക്കിടക്കുന്നു. ഇങ്ങനെ ഗരുഢപുരാണത്തിൽ വളരെ ഭയാനകമായ കാര്യ ങ്ങൾ എഴുതിവെച്ചിട്ടുണ്ട്. അച്ഛൻ പറയുന്നു മനുഷ്യൻ മനുഷ്യനായേ ജനിക്കൂ, മറ്റേതെങ്കിലും ജീവി യായി ജനിക്കില്ല. പഠിപ്പിൽ അന്ധവിശ്വാസത്തിന്റെ ഒരു കാര്യവും ഉണ്ടാകില്ല. ഇത് നിങ്ങളുടെ പഠിപ്പാണ്. വിദ്യാർത്ഥികൾ പഠിച്ച് പാസായി സമ്പാദിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമ സ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വശീകരണ മന്ത്രം എല്ലാവർക്കും നൽകണം. പഠിപ്പിൽ പരിശ്രമിച്ച് രാജധാനിയുടെ തിലകം പ്രാപ്തമാ ക്കണം. ഈ ദുഃഖത്തിന്റെ പർവ്വതത്തെ അകറ്റുന്നതിന് തന്റെ വിരൽ നൽകണം.

2) സംഗമയുഗത്തിൽ പുരുഷോത്തമനായി മാറുന്നതിനുള്ള അഭ്യാസം ചെയ്യണം. അച്ഛനെ ഓർമ്മിക്കുന്ന ഡ്രിൽ ചെയ്യണം. അല്ലാതെ യോഗം യോഗം എന്നു പറഞ്ഞ് ക്ഷീണിക്കരുത്.

## വരദാനം:- സേവനത്തിൽ വിഘ്നങ്ങളെ ഉന്നതിയിലേക്കുള്ള ഏണിപ്പടിയാണെന്ന് മനസ്സിലാക്കി മുന്നേറുന്ന നിർവ്വിഘ്ന, സത്യമായ സേവാധാരിയായി ഭവിക്കൂ

സേവനം ബ്രാഹ്മണ ജീവിതത്തെ നിർവ്വിഘ്നമാക്കുന്ന സാധനവുമാണ് ഒപ്പം സേവനത്തിൽ തന്നെയാണ് വിഘ്നങ്ങളുടെ പേപ്പറും കൂടുതൽ വരുന്നത്. നിർവ്വിഘ്ന സേവാധാരിയെ സത്യമായ സേവാധാരിയെന്ന് പറയുന്നു. വിഘ്നം വരിക ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. വരിക തന്നെ വേണം വന്നുകൊണ്ടുമിരിക്കും എന്തുകൊണ്ടെന്നാൽ ഈ വിഘ്നം അല്ലെങ്കിൽ പേപ്പർ അനുഭവിയാക്കുന്നു. ഇതിനെ വിഘ്നമെന്ന് മനസ്സിലാക്കാതെ, അനുഭവത്തിന്റെ ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ് - ഈ ഭാവത്തോടെ നോക്കുകയാണെങ്കിൽ ഉന്നതിയിലേക്കുള്ള ഏണിപ്പടിയായി അനുഭവമാകും ഒപ്പം മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യും.

## സ്ലോഗൻ:- വിഘ്ന-രൂപിയല്ല, വിഘ്ന-വിശാകനാകൂ.